1. ഇ.ബി. XIII-കേരള നിയമസഭ/XI-16

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂൺ 30, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### നെൽകർഷകർ നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: നിയമസഭാ നടപടിക്രമങ്ങളിലെ റൂൾ 52-ൽ നാലാം ഭാഗത്ത് പറഞ്ഞിരിക്കുന്നത് ഒരു സമ്മേളനത്തിൽ ചർച്ച ചെയ്ത സംഗതിയെപ്പറ്റിയുള്ള ചർച്ച ആ പ്രമേയംവഴി പുനരാരംഭിക്കാൻ പാടില്ലെന്നാണ്. ഇന്നിവിടെ അടിയന്തരപ്രമേയമായി വന്നിരിക്കുന്നത് നെൽകൃഷിയുമായി ബന്ധപ്പെട്ട വിഷയമാണ്. ഇതേവിഷയം സംബന്ധിച്ച് ശ്രദ്ധക്ഷണിക്കലും രണ്ട്

സബ്മിഷനുകളും വന്നതിനുപുറമെ കൃഷി വകുപ്പിന്റെ ഡിമാന്റ് ചർച്ചയുമുണ്ടായിരുന്നു. അതേ വിഷയമാണ് ഇന്നും വന്നിട്ടുള്ളത്. അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിന് അനുവദിക്കാം. പക്ഷേ ഇതിന് നിങ്ങൾ പറയുന്ന കാര്യകാരണങ്ങളൊന്നും ശരിയല്ല.

നെൽകർഷകരിൽ നിന്ന് നെല്ല് സംഭരിച്ച ഇനത്തിൽ 348.25 കോടി രൂപ കുടിശ്ശികയാക്കിയിരിക്കുന്നതുമൂലം അടുത്ത കൃഷിയിറക്കാൻ സാധിക്കാതെ സംസ്ഥാനത്തെ നെൽകർഷകർ പ്രതിസന്ധിയിലായിരിക്കുകയും ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. വി. വിജയദാസ്, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): നെൽകർഷകരിൽനിന്ന് രണ്ട് സീസണുകളിലായി നെല്ല് സംഭരിക്കുകയും ആദ്യ സീസണിലെ തുക മുഴുവൻ കൊടുത്തുതീർക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തെ സീസണിൽ സംഭരിച്ച 4 ലക്ഷം

മെട്രിക് ടൺ നെല്ലിന് നൽകാനുണ്ടായിരുന്ന 758 കോടി രൂപയിൽ 572 കോടി രൂപ നൽകിയിട്ടുണ്ട്. കുടിശ്ശികയുള്ള 186 കോടി രൂപ ജൂലൈ മാസം രണ്ടാംവാരത്തോടുകൂടി കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേന്ദ്രസർക്കാരിൽനിന്ന് അഡ്വാൻസ് തുക ലഭ്യമായതിനാലാണ് 572 കോടി രൂപ നൽകാൻ സാധിച്ചത്. ഈ സഭാസമ്മേളനം ആരംഭിച്ചശേഷം 244 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. അടുത്ത സീസൺ മുതൽ യഥാസമയം കർഷകർക്ക് നെൽവില നൽകാൻ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ബാങ്കുകളുമായി ചർച്ചകൾ നടത്തുന്നതാണ്. റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. 348 കോടി രൂപ കുടിശ്ശികയുണ്ടെന്ന് പറയുന്നത് യാഥാർത്ഥ്യമല്ല.

ശ്രീ. കെ. വി. വിജയദാസ്: ലക്ഷക്കണക്കിനുവരുന്ന കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ താല്പര്യമില്ലാത്ത സർക്കാരാണിത്. നെല്ല് സംഭരണം നടത്തി നാലുമാസമായിട്ടും കർഷകർക്ക് നെൽവില നൽകിയിട്ടില്ല. ആത്മഹത്യയുടെ വക്കിലെത്തിയ നെൽകർഷകരെ സംരക്ഷിക്കുന്നതിനായി നെല്ല്

സംഭരണം നടത്തിയതും നെല്ലിന് ന്യായവില നൽകിയതും 2006-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. പാവപ്പെട്ട കർഷകരെ സംരക്ഷിക്കുന്നതിനുള്ള ആ നയത്തെയാണ് ഈ സർക്കാർ ഇല്ലാതാക്കിയിരിക്കുന്നത്. നെൽക്കൃഷിയിടങ്ങളുടെ വിസ്തൃതിയിലും നെല്ലുല്പാദനത്തിലും ഗണ്യമായ കുറവുണ്ടായിരിക്കുകയാണ്. കർഷകരെ കൃഷിയിൽനിന്നും പിൻതിരിപ്പിക്കുന്നതിനാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ശ്രമിക്കുന്നത്. കേന്ദ്രസർക്കാർ സബ്സിഡി വെട്ടിക്കുറച്ചതിലൂടെ രാസവളങ്ങളുടെ വിലയിലും ട്രാക്ടറുകളുടെയും കൊയ്ത്ത്-മെതി യന്ത്രങ്ങളുടെയും വാടകയിലും വർദ്ധനവുണ്ടാകുകയും തന്മൂലം ഉല്പാദനച്ചെലവ് ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. നെല്ല് സംഭരണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്താത്തത് അപലപനീയമാണ്. ആലപ്പുഴ, കോട്ടയം, മലപ്പുറം, പാലക്കാട്, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ നെല്ല് സംഭരണയിനത്തിൽ 348 കോടി രൂപ കുടിശ്ശികയുണ്ട്. നെൽവില കിട്ടാത്തതുകൊണ്ട് ഒന്നാംവിളയിറക്കാൻ കഴിയുന്നില്ല. സഹകരണ-വാണിജ്യ ബാങ്കുകൾ വായ്പ നൽകാത്തതിനാൽ ബ്ലേഡ് പലിശക്കാരെ

ആശ്രയിക്കേണ്ട സ്ഥിതിയാണുണ്ടായിരിക്കുന്നത്. നെൽകർഷകരുടെ കുടിശ്ശികപ്പണം കൊടുത്തുതീർക്കുന്നതിനും റിവോൾവിംഗ് ഫണ്ട് സംവിധാനം ഏർപ്പെടുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഈ വിഷയം ലഘൂകരിച്ചു കാണുന്നുവെന്ന ആക്ഷേപം ശരിയല്ല. കർഷകരുടെ ബുദ്ധിമുട്ടുകൾ ഉൾക്കൊണ്ടുകൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 19 രൂപ നെല്ലിന് താങ്ങുവില വർദ്ധിപ്പിച്ചുനൽകുകയും നെൽകർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് പൂർണ്ണതോതിൽ സംഭരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. നെൽകർഷകർക്ക് നൽകാനുള്ള 186 കോടി രൂപയുടെ കുടിശ്ശിക ജൂലൈ മാസത്തിൽ കൊടുത്തുതീർക്കുന്നതിനും അടുത്ത സീസൺ ആരംഭിക്കുമ്പോൾത്തന്നെ നെല്ലിന് താങ്ങുവില നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റിവോൾവിംഗ് ഫണ്ടിന്റെ സാധ്യതകളെപ്പറ്റി പരിശോധിക്കുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സിവിൽ സപ്ലൈസ് കോർപ്പറേഷൻ 5.35

ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും സംഭരിച്ച നെല്ലിന്റെ മാർച്ച് മാസം വരെയുള്ള കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തിട്ടുണ്ട്. 186 കോടി രൂപയുടെ കുടിശ്ശിക ജൂലൈ മാസം കൊടുത്തുതീർക്കുന്നതാണ്. കിലോയ്ക്ക് 19 രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഈ വർഷംതന്നെ ബാങ്കുകളുമായി ഒരു ലിങ്കേജ് ഉണ്ടാക്കാൻ ഉദ്ദേശിക്കുകയാണ്.

( അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

## (1) ഹയർ സെക്കണ്ടറിക്ക് അധിക ബാച്ചുകൾ അനുവദിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ

<u>ശ്രീ. വി. ഡി. സതീശൻ:</u> അധ്യാപക പാക്കേജ് നടപ്പിലാക്കിയതിലൂടെ

വർഷങ്ങളായി നിലനിന്നിരുന്ന അനിശ്ചിതാവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കിയ സർക്കാർ, അദ്ധ്യാപക പാക്കേജിന്റെ വിശദാംശങ്ങൾ പൂർണ്ണമായി നടപ്പിലാക്കാനും നടപടി സ്വീകരിക്കണം. സ്റ്റാഫ് ഫിക്സേഷനിൽ അധികമുള്ള അദ്ധ്യാപകരെ പുനർവിന്യസിപ്പിക്കണം. പൊതുവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ വർദ്ധനവും അക്കാദമിക് കാര്യങ്ങളിലുള്ള ശ്രദ്ധയും ജനങ്ങളും രക്ഷകർത്താക്കളും ജനപ്രതിനിധികളും ചേർന്നുള്ള കൂട്ടായ ശ്രമങ്ങളും ശുഭോതർക്കമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. അധിക ബാച്ചുകൾ അനുവദിക്കുകവഴി സാമ്പത്തിക ബാധ്യത വർദ്ധിക്കുമെന്നതിനാൽ പ്രൈമറി, സെക്കണ്ടറി വിഭാഗങ്ങളിലെ അധിക യോഗ്യതയുള്ള അദ്ധ്യാപകരെ പ്രൊമോഷൻ നൽകി ഹയർ സെക്കണ്ടറി അദ്ധ്യാപകരായി നിയമിക്കാൻ നടപടി സ്വീകരിക്കണം. ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് അർഹമായ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തണം. സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് നൽകുന്നതുപോലെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും ശമ്പളം നൽകാൻ തയ്യാറാകണം. ജൂൺ ആദ്യവാരംതന്നെ സൗജന്യമായി നൽകുന്ന പാഠപുസ്തകങ്ങളും യൂണിഫോമും പൂർണ്ണമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. റിട്ടയർമെന്റ്

ഒഴിവുകളിൽ നിയമനാംഗീകാരം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. അൺ-ഇക്കണോമിക് എന്ന കാരണത്താൽ സ്കൂളുകൾ അടച്ചുപൂട്ടുന്ന നടപടി നിയമപരമായി തടയണം. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:30, 1:35 എന്ന ക്രമത്തിൽ സർക്കാർ, എയ്ഡഡ്, കോർപ്പറേറ്റ് വിദ്യാലയങ്ങളിൽ വിവേചനമില്ലാതെ നടപ്പിലാക്കണം. കെ.ഇ.ആർ.-ൽ ആവശ്യമായ മാറ്റം വരുത്താൻ സർക്കാർ മുൻകയ്യെടുക്കണം. എൽ.പി. സ്കൂൾ അസിസ്റ്റൻറ്, യു.പി. സ്കൂൾ അസിസ്റ്റന്റ്, ഹൈസ്കൂൾ അസിസ്റ്റന്റ് എന്നിവ യഥാക്രമം പ്രൈമറി സ്കൂൾ ടീച്ചർ, യു.പി.സ്കൂൾ ടീച്ചർ, ഹൈസ്കൂൾ ടീച്ചർ എന്നിങ്ങനെ പുനർനാമകരണം ചെയ്യണം. പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായ ഗുണപരമായ മാറ്റം പ്രയോജനപ്പെടുത്തി കേന്ദ്ര ഫണ്ടുകൾ എയ്ഡഡ് സ്കൂളിലേയ്ക്കുകൂടി വ്യാപിപ്പിച്ച് പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നിലപാട് സ്വീകരിക്കണം. ഉച്ചഭക്ഷണ പദ്ധതിക്കായി കൂടുതൽ തുക അനുവദിക്കുകയും ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യണം. അധിക ബാച്ചുകളിലേയ്ക്കുള്ള അദ്ധ്യാപക നിയമനം 25% നേരിട്ടും 75% പ്രൊമോഷൻ വഴിയു മാക്കണം. അധിക ബാച്ചുകളിലെങ്കിലും വിദ്യാർത്ഥികളിൽനിന്നും കോഴപ്പണം

വാങ്ങാതെ അഡ്മിഷൻ നൽകാൻ കഴിയുന്ന വിധത്തിലുള്ള സമീപനം സ്വീകരിക്കാൻ തയ്യാറാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർക്കാർ, എയ്ഡഡ്, ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പുതുതായി അധിക ബാച്ചുകൾ അനുവദിക്കുമ്പോൾ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ച് ക്ലാസ്സുകൾ നടത്താമെന്നും പുതുതായി ആരംഭിക്കുന്ന അധിക ബാച്ചുകളുടെ വർക്ക്ലോഡ് തിട്ടപ്പെടുത്തിയശേഷം മാത്രം തസ്തിക സൃഷ്ടിക്കാമെന്നുമാണ് നിഷ്കർഷിക്കുന്നത്. തസ്തിക സൃഷ്ടിച്ചുകഴിഞ്ഞാൽ സ്പെഷ്യൽ റൂൾസ് പ്രകാരമാണ് നിയമനം നടത്തുന്നത്. നിലവിലുള്ള നിയമപ്രകാരം ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തിക നികത്തേണ്ടത് യോഗ്യരായ ഹയർ സെക്കണ്ടറി സ്കൂൾ ജൂനിയർ അദ്ധ്യാപകരിൽനിന്നുമാണ്. ഹയർ സെക്കണ്ടറി സ്കൂൾ ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ 75% നേരിട്ടും 25% യോഗ്യരായ ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽനിന്നോ യു.പി. സ്കൂൾ അദ്ധ്യാപകരിൽനിന്നോ നികത്തേണ്ടതാണ്. അധിക ബാച്ച്

സൃഷ്ടിക്കുന്നതുമൂലമുണ്ടാകുന്ന ഹയർ സെക്കണ്ടറി സ്കൂൾ ജൂനിയർ അദ്ധ്യാപക തസ്തികയുടെ 75% നേരിട്ടും 25% സീനിയോറിറ്റിയുടേയും യോഗ്യതയുടേയും അടിസ്ഥാനത്തിലുമാണ് നികത്തേണ്ടത്. സർക്കാർ-എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിന് 1:45 അനുപാതം തന്നെയാണ് സ്ഥിരീകരിച്ചിട്ടുള്ളത്. തസ്തിക നിർണ്ണയം നടത്തുമ്പോൾ 2010-11 അധ്യയന വർഷത്തിൽ നിലവിലുണ്ടായിരുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ നിലനിർത്തുന്നതിനായി മാത്രം നോഷണലായി 1:30, 1:35 എന്ന അനുപാതം ഉപയോഗിക്കാവുന്നതാണ്. സർക്കാർ സ്കൂളുകളിലും കോർപ്പറേറ്റ് സ്കൂളുകളിലും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുകയും അധികമായി വരുന്ന അദ്ധ്യാപകരെ നിലനിറുത്തുകയും ചെയ്യുന്ന കാര്യം പരിശോധിച്ചുവരികയാണ്. സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അധിക തസ്തികകൾ നിർണ്ണയിക്കുന്നതിന് ഒരേ രീതിയിലുള്ള സ്കൂൾതല അനുപാതം തന്നെയാണ് ബാധകമാക്കുന്നത്. സ്കൂൾ ഗ്രാന്റ്, ടീച്ചേഴ്സ് ഗ്രാന്റ്, അദ്ധ്യാപക പരിശീലനം, രണ്ടാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, യൂണിഫോം എന്നീ കാര്യങ്ങളിൽ ഇപ്പോഴും എയ്ഡഡ് സ്കൂളിനെ

പരിഗണിക്കുന്നുണ്ട്. എയ്ഡഡ് സ്കൂളിലെ കുട്ടികൾകൂടി പങ്കെടുക്കുന്ന കലോത്സവം, ശാസ്ത്രമേള, പുസ്തകമേള എന്നിവ സംഘടിപ്പിക്കുന്നതിനായി ഒരു ലക്ഷം രൂപ വീതം ഓരോ ജില്ലയ്ക്കും നൽകാറുണ്ട്. ഹൈസ്കൂൾതലം വരെയുള്ള പാഠപുസ്തകങ്ങളുടെ ഒന്നാംഘട്ട അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യുകയും ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് ക്ലാസ്സുകളിലെ പുതുക്കിയ പാഠപുസ്തകങ്ങൾ അച്ചടി പൂർത്തീകരിച്ച് എത്രയും വേഗം വിതരണം നടത്തുന്നതുമാണ്. പ്ലസ് ടു പാഠപുസ്തകങ്ങളുടെ ഒന്നാംഘട്ട വിതരണം ജൂൺ 30-നകവും പ്ലസ് വൺ ഒന്നാംഘട്ട പാഠപുസ്തക വിതരണം ജൂലൈ ഇരുപതിനകവും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-15 അധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന അർഹരായ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിനായി കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം 31.21 കോടി രൂപ അനുവദിക്കുകയും എയ്ഡഡ് സ്കൂളുകളിലെ സമാന വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുകൂടി ഈ ആനുകൂല്യം ലഭ്യമാക്കുന്നതിന് അധികതുക ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കെ.ഇ.ആർ. ഭേദഗതി വരുത്തി പ്രസിദ്ധീകരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്. ഒരു സ്കൂളും ഗവൺമെന്റ് അൺ-ഇക്കണോമിക് ആയി

പ്രഖ്യാപിച്ചിട്ടില്ല. എയ്ഡഡ് സ്കൂളുകൾ എന്നത് സർക്കാർ എയ്ഡഡ് സ്കൂളുകൾ എന്നാക്കി മാറ്റി കേന്ദ്ര ഗവൺമെന്റിൽനിന്നും നൂറ് ശതമാനം ഫണ്ട് വാങ്ങിയെടുക്കാൻ ശ്രമിക്കുന്നതാണ്. തസ്തികകളുടെ പേര് മാറ്റുന്ന കാര്യം ഗൗരവമായി ആലോചിക്കുന്നതും ഉച്ചഭക്ഷണ പദ്ധതിയിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതുമാണ്.

## (2) പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പ്രവാസികളുടെ ക്ഷേമത്തിനായി ആരംഭിച്ച കേരള പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗമാകാനുള്ള പ്രായപരിധി അറുപത് വയസ്സാക്കി ഉയർത്തണം. അംശദായം അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയവർക്ക് പെൻഷൻ നിഷേധിക്കുന്ന നടപടി ശരിയല്ല. അംശദായം അടയ്ക്കുന്നത് സംബന്ധിച്ച് യഥാസമയം വിവരങ്ങൾ നൽകാത്തതുമൂലം അംഗങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. കേരള പ്രവാസി ക്ഷേമനിധി ബോർഡിൽ നടന്നുകൊണ്ടിരിക്കുന്ന ക്രമവിരുദ്ധമായ കാര്യങ്ങൾ പരിശോധിക്കണം. അർഹരായ മുഴുവൻ ആളുകൾക്കും പെൻഷനും മറ്റാനുകൂല്യങ്ങളും നൽകാനുള്ള സംവിധാനമുണ്ടാകണം. നിതാഖത് നിയമംമൂലം കേരളത്തിലേയ്ക്ക്

തിരിച്ചെത്തിയവരുടെ പുനരധിവാസം ഫലപ്രദമായി നടപ്പാക്കണം. ഗൾഫ് മലയാളികളുടെ യാത്രാപ്രശ്നത്തിന് പരിഹാരം കാണാൻ ആവിഷ്കരിച്ച എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി നോർക്ക വകുപ്പ് നടപ്പാക്കിവരുന്ന പ്രവാസി പുനരധിവാസ പദ്ധതിയിലേയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകരിൽ അർഹരായ 210 പേർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വായ്പ അനുവദിച്ചിട്ടുണ്ട്. നിതാഖത് നിയമംമൂലം തിരിച്ചെത്തിയ പ്രവാസി മലയാളികളുടെ സമഗ്ര പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനും കേരള പ്രവാസി ക്ഷേമനിധി ബോർഡിലെ അർഹരായ അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അംശദായ അടവിൽ കുടിശ്ശിക വരുത്തിയ അംഗങ്ങൾക്ക് കുടിശ്ശികത്തുക പിഴ ചേർത്തടച്ചാൽ മാത്രമേ പെൻഷന് അർഹതയുണ്ടാവുകയുള്ളൂ. വിവിധ ആനുകൂല്യങ്ങൾക്കായി ബോർഡിന് ലഭിച്ച സാധുവായ എല്ലാ അപേക്ഷകൾക്കും സഹായം

അനുവദിച്ചിട്ടുണ്ട്. പ്രവാസി മലയാളികളെ സഹായിക്കുന്നതിനായി സാന്ത്വന, കാരുണ്യം, സ്വപ്ന സാഫല്യം തുടങ്ങിയ പദ്ധതികൾ നോർക്ക വകുപ്പ് നടപ്പാക്കിവരുന്നു. പ്രവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനാവശ്യമായ വിമാന സർവ്വീസുകൾ ആരംഭിക്കണമെന്നും എയർലൈൻസുകൾ അമിതമായ യാത്രാക്കൂലി ഈടാക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗമാകാനുള്ള പ്രായപരിധി അറുപതാക്കി ഉയർത്തുന്നതിനെക്കുറിച്ചും സംരംഭങ്ങൾക്ക് കൊടുക്കുന്ന പലിശ സബ്സിഡി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണ്.

## സബ്മിഷൻ

### (1) കാർഷിക വായ്പകൾക്ക് മൊറട്ടോറിയം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ഹ്രസ്വകാല കാർഷിക വായ്പകൾക്ക് പ്രഖ്യാപിച്ചിരിക്കുന്ന മൊറട്ടോറിയത്തിന്റെ കാലാവധി വ്യക്തമാക്കുകയും കാർഷികവായ്പകൾ പുതുക്കുന്നതിന് അവസരം നൽകുകയും കേന്ദ്രഗവൺമെന്റിൽനിന്ന് പലിശ ആനുകൂല്യം ലഭ്യമാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കാർഷിക വായ്പകൾക്ക് പ്രഖ്യാപിച്ച

മൊറട്ടോറിയത്തിന് 15/02/2015 വരെ കാലാവധിയുണ്ട്. സാമ്പത്തിക പരിമിതികൾ കാരണം ബാദ്ധ്യതകൾ ഏറ്റെടുക്കുവാൻ ഗവൺമെന്റിന് നിർവ്വാഹമില്ല. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച പലിശ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

## (2) ഭാഷാ ന്യൂനപക്ഷ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കൽ

ശ്രീ. കെ. അച്ചുതൻ: ഭാഷാ ന്യൂനപക്ഷ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പട്ടഞ്ചേരി ഗവൺമെന്റ് ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുന്നതിനും കൊഴിഞ്ഞാംപാറ ആർട്സ് ആന്റ് സയൻസ് കോളേജിൽ പുതിയ കോഴ്സ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പട്ടഞ്ചേരി ഗവൺമെന്റ് ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ നയങ്ങളിൽ വന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനതല ഭാഷാ ന്യൂനപക്ഷ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കുവാൻ കഴിയുമെന്ന് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. കൊഴിഞ്ഞാംപാറ ആർട്സ് ആന്റ് സയൻസ് കോളേജിൽ പുതിയ കോഴ്സ് ആരംഭിക്കുന്ന കാര്യം പ്രോപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

## (3) പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

ശ്രീ. റ്റി. എൻ. പ്രതാപൻ: സർക്കാർ ഓഫീസുകളിൽ ജോലിചെയ്യുന്ന പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാരെ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനും ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും മുപ്പത് ദിവസത്തെ ലീവ് സറണ്ടർ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കഴിഞ്ഞ ശമ്പള പരിഷ്കരണത്തിൽ പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും സംയുക്തമായി നടപ്പിലാക്കിവരുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാരെയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇവർക്കായുള്ള ഭവന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

## (4) യുവതിയെ പീഡിപ്പിച്ച പ്രതികൾക്കെതിരെ നടപടി

ശ്രീ. രാജു എബ്രഹാം: അടൂർ-ഏനാദിമംഗലത്ത് യുവതിയെ പീഡിപ്പിച്ച പ്രതികൾക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സജി എന്നയാൾ 02-10-2011-ന് മാലൂരുള്ള വീട്ടിൽവച്ച് പീഡിപ്പിക്കുകയും വിവാഹം

ചെയ്തുകൊള്ളാമെന്ന് വിശ്വസിപ്പിക്കുകയും ചെയ്തുവെന്നുള്ള യുവതിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതി മുൻകൂർ ജാമ്യത്തിനായി അപേക്ഷിച്ചെങ്കിലും പത്തനംതിട്ട ജില്ലാ സെഷൻസ് കോടതി ജാമ്യം നിഷേധിക്കുകയും ടിയാൾ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയുമാണ്.

## (5) കാസർഗോഡ് ജില്ലയിൽ വൈദ്യുതി മേഖല നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാസർഗോഡ് ജില്ലയിൽ വൈദ്യുതി മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പവർഗ്രിഡ് കോർപ്പറേഷന്റെ കീഴിൽ മൈസൂരിൽനിന്ന് അരീക്കോട്ടേയ്ക്കുള്ള 440 കെ.വി.ലൈനിന്റെ പണി പുരോഗമിക്കുകയാണ്. കുടക് ഭാഗത്തുള്ള 26 കി.മി ലൈനിന്റെ പണികൂടി പൂർത്തിയാക്കിക്കഴിഞ്ഞാൽ ജില്ലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും. പഴയ ട്രാൻസ്ഫോർമറുകൾ മാറ്റുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും സബ്സ്റ്റേഷനുകളുടെ എണ്ണവും ശേഷിയും വർദ്ധിപ്പിക്കുന്നതിനും ജീവനക്കാരുടെ കുറവ് നികത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (6) നോൺ ടീച്ചിംഗ് സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

ശ്രീ. സി. എഫ്. തോമസ്: സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ

നോൺ ടീച്ചിംഗ് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): 1997-ൽ കോളേജുകളിൽനിന്ന് പ്രീഡിഗ്രി വേർപെടുത്തിയതിനെത്തുടർന്ന് സ്വകാര്യ എയ്ഡഡ് കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിരുന്നു. 1998-ന് ശേഷം അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ ജോലിഭാരം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് പരിഗണിച്ചിട്ടുള്ളതിനാൽ ഇത് അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും പരിഗണിക്കണമെന്ന ആവശ്യമുയർന്നതിനെത്തുടർന്ന് തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ട കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## (7) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂർ നിയോജകമണ്ഡലത്തിലെ ഭവന രഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സമ്പൂർണ്ണ ഭവനപദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): താനൂർ നിയോജകമണ്ഡലത്തിലെ ഭവനനിർമ്മാണ ധനസഹായത്തിനായുള്ള 584

അപേക്ഷകരിൽ 316 പേർക്ക് ഇതിനകം ധനസഹായം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം അർഹരായ മുഴുവൻ അപേക്ഷകർക്കും ധനസഹായം അനുവദിക്കാൻ സാധിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (8) പാറളം വില്ലേജ് ഓഫീസ് വിഭജനം

ശ്രീമതി ഗീതാ ഗോപി: നാട്ടിക നിയോജകമണ്ഡലത്തിലെ പാറളം ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് കോടന്നൂർ വില്ലേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): നാട്ടിക നിയോജകമണ്ഡലത്തിലെ പാറളം പഞ്ചായത്തിലെ പള്ളിപ്പുറം, പാറളം, കോടന്നൂർ വില്ലേജുകൾ ഉൾക്കൊള്ളുന്ന പാറളം ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് കോടന്നൂർ വില്ലേജ് രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## (9) പേരാമ്പ്ര ആസ്ഥാനമാക്കി താലൂക്ക് രൂപീകരണം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: പേരാമ്പ്ര ആസ്ഥാനമാക്കി താലൂക്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): നിലവിലുള്ള താലൂക്കുകൾ പുനർവിഭജിക്കുന്ന അവസരത്തിൽ പേരാമ്പ്ര കേന്ദ്രീകരിച്ച് പുതിയ താലൂക്ക് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (10) ദേവസ്വം ബോർഡ് ക്ഷേത്ര ശാന്തിക്കാരുടെ ഗ്രേഡ് ഉയർത്തൽ

ശ്രീമതി പി. അയിഷാ പോറ്റി: തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ശാന്തിക്കാരുടെ ഗ്രേഡ് ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 1.07.2011 മുതൽ പ്രാബല്യത്തിൽവന്ന പേ-റിവിഷൻ ഉത്തരവ് പ്രകാരം ശാന്തിക്കാർക്ക് ക്ഷേത്രങ്ങളിലെ മറ്റ് ജീവനക്കാർക്കുള്ളതിനെക്കാൾ ഉയർന്ന ശമ്പളസ്കെയിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ അവരുടെ ഗ്രേഡ് ഉയർത്തുന്ന കാര്യം പരിഗണനയിലില്ല എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം ദേവസ്വം ബോർഡ് ഭാരവാഹികളുമായി ചർച്ച ചെയ്യുന്നതാണ്.

## (11) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളായി ഉയർത്തൽ

ശ്രീ. പി. എ. മാധവൻ: മണലൂർ നിയോജകമണ്ഡലത്തിലെ തൃത്തല്ലൂർ, മുല്ലശ്ശേരി എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക് ആശുപത്രികളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : തൃത്തല്ലൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയാക്കി

ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതും മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയാക്കി ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതുമാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ മുപ്പത്തിയൊൻപത് മുതൽ നാൽപ്പത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## അനുമോദനം

### പി.എസ്.എൽ.വി. സി-23 ന്റെ വിക്ഷേപണം

മി. സ്പീക്കർ: പി.എസ്.എൽ.വി. സി-23 ശ്രീഹരിക്കോട്ടയിൽനിന്ന് ഇന്ന്

വിജയകരമായി വിക്ഷേപിച്ചിരിക്കുകയാണ്. ഈ മഹത്സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച ശാസ്ത്രജ്ഞരടക്കമുള്ള എല്ലാവരെയും അഭിനന്ദിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): രാജ്യത്തിനുവേണ്ടി ഇത്തരമൊരു വിജയത്തിന് സാരഥ്യം വഹിച്ച ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ. രാധാകൃഷ്ണനെയും സഹപ്രവർത്തകരെയും അഭിനന്ദിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): രാജ്യത്തിന്റെ അഭിമാനകരമായ വിജയത്തിന് നേതൃത്വം നൽകിയ എല്ലാവരെയും അഭിനന്ദിക്കുന്നു.

## പ്രത്യേക പരാമർശം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കോട്ടൺഹിൽ ഹൈസ്കൂളിൽ നിന്നും സ്ഥലംമാറ്റപ്പെട്ട പ്രധാനാദ്ധ്യാപികയുടെ അപ്പീലിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രധാനാദ്ധ്യാപികയുടെ അപ്പീൽ സംബന്ധിച്ച് പരിശോധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തിരുവനന്തപുരം മോഡൽ ഹൈസ്കൂളിലേയ്ക്ക് മാറ്റി നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## ധനകാര്യം

## 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും (735,84,51,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII- ജലസേചനം (781,39,42,000 രൂപ)

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം (876,78,84,000 രൂപ)

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

<u>ശ്രീ. വി. ശിവൻകുട്ടി:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോടതിവിധി മാനിക്കാതെയും ബദൽ സംവിധാനങ്ങളൊരുക്കാതെയും വിളപ്പിൽശാല ചവർ ഫാക്ടറി അടച്ചുപൂട്ടിയ സർക്കാർ നടപടി തലസ്ഥാന നഗരത്തിലെ മാലിന്യനീക്കത്തെ സ്തംഭിപ്പിച്ചിരിക്കുകയാണ്. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചതു സംബന്ധിച്ച് പുനഃപരിശോധന നടത്തണം. തലസ്ഥാന നഗരിയിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് കാര്യക്ഷമമായ യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. തെരുവുനായ്ക്കളുടെ ശല്യം പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാൻ തയ്യാറാകണം. നഗരവികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിനും വാട്ടർ അതോറിറ്റിയിലെ ധൂർത്ത് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. റണ്ണിംഗ് കോൺട്രാക്ടിനത്തിൽ വാട്ടർ അതോറിറ്റിക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാകുന്നതിനെക്കുറിച്ച് അന്വേഷിക്കണം. കുടിവെള്ള വിതരണം പൂർണ്ണമായും സിയാൽ മോഡൽ കമ്പനി മുഖേന നടത്താനുള്ള തീരുമാനം പുനഃപരിശോധിക്കാനും വാട്ടർ അതോറിറ്റിയുടെ ഹെഡ്

ഓഫീസിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ച് വീഡിയോ ക്യാമറകൾ

സ്ഥാപിച്ചത് സംബന്ധിച്ച് അന്വേഷിക്കാനും നടപടി സ്വീകരിക്കണം. നഗര പ്രദേശങ്ങളിൽ കുറ്റമറ്റ രീതിയിലുള്ള സ്വിവറേജ് സംവിധാനമേർപ്പെടുത്തണം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമയബന്ധിതമായി കമ്മീഷൻ ചെയ്യാൻ കഴിയാത്ത വൻകിട/ചെറുകിട ജലസേചന പദ്ധതികൾ ഉപേക്ഷിക്കണം. വാട്ടർ അതോറിറ്റിയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണം. മഴവെള്ളം പാഴായിപ്പോകാതിരിക്കാനായി നദികളിൽ തടയണകൾ പണിയുന്നതിനും ചിറകളും കുളങ്ങളും കിണറുകളും നവീകരിക്കുന്നതിനുമായി സമഗ്ര ജലസംരക്ഷണ പദ്ധതി ആവിഷ്ക്കരിക്കണം. മാലിന്യ സംസ്ക്കരണത്തിനായി നഗരങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കാനും കുറ്റമറ്റ രീതിയിൽ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്താനും പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണം. ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി കൂടുതൽ ബൈപ്പാസുകളും റിംഗ് റോഡുകളും സിഗ്നൽ ലൈറ്റുകളും സ്ഥാപിക്കണം. സർക്കാർ ഭൂമി കയ്യേറ്റം തടയാനായി ഒരു ടാസ്ക് ഫോഴ്സിന് രൂപം നൽകുകയും വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം വിട്ടുതരുന്നവർക്ക് വേഗത്തിൽ നഷ്ടപരിഹാരം നൽകുകയും ചെയ്യണം. സുസ്ഥിര നഗര വികസന പദ്ധതിയുടെ കീഴിൽ ദ്രവമലിനീകരണ സംസ്ക്കരണ സംവിധാനം തൃശ്ശൂർ ജില്ലയിൽ ഏർപ്പെടുത്തുന്നതിനും കോർപ്പറേഷനുകൾക്ക് ഗവൺമെന്റ്

നൽകേണ്ട പെൻഷൻ ഫണ്ട് കൃത്യസമയത്ത് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. ടാക്സ് റിവിഷൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ലഘൂകരിക്കണം. പരസ്യങ്ങൾ ഏകോപിപ്പിച്ച് വരുമാന വർദ്ധനവുണ്ടാക്കുന്നതിനും ഇലക്ട്രിക് പോസ്റ്റുകൾക്കുപകരം അണ്ടർ ഗ്രൗണ്ട് കേബിളുകൾ ഉപയോഗിക്കുന്നതിനും നടപടിയുണ്ടാകണം. TUDA സംവിധാനം പൂർത്തീകരിക്കാനും തൃശ്ശൂരിലെ അവികസിത പ്രദേശങ്ങളിൽ ആസൂത്രിതമായ വികസന പ്രവർത്തങ്ങൾ നടപ്പാക്കാനും സ്മാർട്ട് സിറ്റിയാക്കി തൃശ്ശൂരിനെ മാറ്റാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. രാജു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുടിവെള്ളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജലമാഫിയകൾ കേരളത്തിൽ പിടിമുറുക്കിയിരിക്കുകയാണ്. ജലസംരക്ഷണത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് പരിശോധിക്കാനും നടപടി സ്വീകരിക്കണം. ജലനിധി ഒന്നാംഘട്ട പദ്ധതികൾ പ്രവർത്തനരഹിതമായിരിക്കുകയാണ്. ജലനിധി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് 1022 കോടി രൂപ അനുവദിച്ചതിൽ 31-12-2013 വരെ 55.36

കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. ജലനിധി, JICA പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പുനലൂർ മുനിസിപ്പാലിറ്റിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ നിയമിക്കാനും അശാസ്ത്രീയമായി സ്ഥാപിക്കപ്പെട്ട പൈപ്പ് ലൈനുകൾക്കുപകരം പുതിയവ സ്ഥാപിക്കാനും കല്ലടയാറിന് കുറുകെയുള്ള തടയണ പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. കൂടുതൽ തുക വകയിരുത്തി കുളങ്ങളും ചിറകളും സംരക്ഷിക്കുന്നതിനുള്ള പൊതുപദ്ധതി തയ്യാറാക്കണം. കല്ലട ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി ഏറ്റെടുത്തതിൽ ബാക്കിയുള്ള ഭൂമി സർക്കാരിന്റെ പദ്ധതികൾ നടപ്പാക്കുന്നതിനായി വിട്ടുകൊടുക്കുന്നതിനും കനാൽ പുറമ്പോക്കിൽ താമസിക്കുന്ന അർഹരായവർക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. മോയിൻകുട്ടി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മലയോരമേഖലയിൽ ചെലവുകുറഞ്ഞ പ്രകൃതിദത്ത ഉറവകൾ പ്രയോജനപ്പെടുത്തി മഴവെള്ളം സംഭരിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും കൂടുതൽ തടയണകൾ നിർമ്മിച്ച് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പൊതുകുളങ്ങളും കിണറുകളും നീരുറവകളും സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. വിവിധ

വകുപ്പുകളുടെ ഏകോപനത്തോടെ എസ്.സി/എസ്.ടി. കോളനികളിലെ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കണം. മിനറൽ വാട്ടറിന്റെ ഗുണനിലവാര പരിശോധന ശക്തമാക്കണം. പ്രകൃതിദത്ത ഉറവകൾ പ്രയോജനപ്പെടുത്തി കുറഞ്ഞ ചെലവിൽ ജലം ലഭ്യമാക്കുന്നതിനും റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി ഭൂമി സംരക്ഷിക്കുന്നതിനും മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. കൂടുതൽ ഫണ്ട് വകയിരുത്തി പൈപ്പുകൾ മാറ്റി സ്ഥാപിക്കണം. ജലാശയങ്ങളിൽ മാലിന്യം ഡമ്പ് ചെയ്യുന്നവരെ ശിക്ഷിക്കണം. കോഴിക്കോട് ജില്ലയുടെ പൈതൃകം കാത്തുസൂക്ഷിക്കണം.

<u>ശ്രീ. ജോസ് തെറ്റയിൽ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അന്തർ സംസ്ഥാന നദീജല തർക്ക വിഷയങ്ങളിൽ വേണ്ടരീതിയിൽ ഇടപെടാനോ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ജലസേചന പദ്ധതികൾ പൂർത്തീകരിക്കാനോ സർക്കാർ തയ്യാറാകുന്നില്ല. അങ്കമാലി നിയോജകമണ്ഡലത്തിലെ മാഞ്ഞാലിത്തോട് പദ്ധതിക്ക് അനുവദിച്ച തുക റിവൈസ് ചെയ്തതുമൂലമുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ്സെടുക്കണം. കഴിഞ്ഞ സർക്കാർ അനുവദിച്ച പാറക്കടവ്-അയിരൂർ പദ്ധതിയുടെ നിർമ്മാണം

ആരംഭിക്കാത്തത് സർക്കാരിന്റെ കെടുകാര്യസ്ഥതമൂലമാണ്. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിലും അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്ത് ജലലഭ്യത ഇല്ലാതാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സർവ്വകക്ഷി യോഗം ചേരാനും ഈ മേഖലയിലെ പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സി. എഫ്. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച പ്രായോഗിക നടപടികൾ അഭിനന്ദനാർഹമാണ്. വാട്ടർ അതോറിറ്റിയുടെ കീഴിൽ 250 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതും നഗരപ്രദേശങ്ങളിലെ ജലവിതരണ പദ്ധതിക്കാവശ്യമായ ധനസഹായം ലഭ്യമാക്കിയതും പുതിയ തടയണകൾ നിർമ്മിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നതും സ്വാഗതാർഹമാണ്. 200 ഗ്രാമപഞ്ചായത്തുകളിൽ ജലനിധി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം പുരോഗമിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി വേണ്ടരീതിയിൽ മോണിറ്റർ ചെയ്യണം. 100 പഞ്ചായത്തുകളിലേയ്ക്കുകൂടി

'മഴസമൃദ്ധി' വ്യാപിപ്പിക്കാനുള്ള നടപടി ശ്ലാഘനീയമാണ്. ജലവിതരണ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിലുള്ള കാലതാമസം പരിഹരിക്കുന്നതിന് അവലോകനം നടത്തണം. മാലിന്യപ്രശ്നത്തിന് ഫലപ്രദമായ പരിഹാരം കണ്ടെത്തുന്നതിനും നഗരങ്ങളിൽ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് റോഡ് ടാറിംഗ് നടത്താനുള്ള പദ്ധതി പ്രാവർത്തികമാക്കണം. നഗരപ്രദേശങ്ങളുടെ പൊതുമരാമത്ത് വർക്കുകൾ പരിശോധിക്കുന്നതിന് മേഖലാടിസ്ഥാനത്തിൽ ഓഫീസ് സംവിധാനം ആരംഭിക്കണം. പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളുടെ അംഗീകാരം വാങ്ങാനുള്ള സമയപരിധി ദീർഘിപ്പിക്കണം. പെൻഷൻ ഫണ്ടിന്റെ വിഹിതം മുനിസിപ്പാലിറ്റികൾക്ക് നൽകി മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. നഗരസഭകളിലേയ്ക്ക് പഞ്ചായത്തുകളിൽനിന്നുള്ള എഞ്ചിനീയർമാരെ നിയമിക്കുന്നതിനുപകരം നഗരസഭകളിൽനിന്നുള്ളവരെത്തന്നെ നിയമിക്കണം.

<u>ശ്രീ. കെ. അച്ചുതൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ

അധികാരത്തിൽ വന്നശേഷം ജലസേചന രംഗത്ത് ക്രിയാത്മകമായ നിരവധി പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ചിറ്റൂർ മണ്ഡലത്തിലെ വേലന്താവളംപോലുള്ള പ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനും മൂലത്തറ ഡാമിന്റെ നിർമ്മാണത്തിലുണ്ടായ അപാകത പരിഹരിച്ച് പ്രവർത്തനക്ഷമമാക്കാനും പറമ്പിക്കുളം ഡാമിൽനിന്നുള്ള വെള്ളം ചിറ്റൂരിൽ എത്തിക്കാനും അടിയന്തര നടപടിയുണ്ടാകണം. മൂലത്തറ മുതൽ ചിറ്റൂർ വരെയുള്ള പ്രദേശങ്ങളിൽ റെഗുലേറ്ററുകൾ സ്ഥാപിച്ച് മഴവെള്ളം സംഭരിക്കാൻ കഴിയണം. ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റികൾക്ക് പ്രത്യേക ഗ്രാന്റ് നൽകി പ്രവർത്തനം സുഗമമാക്കണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മാലിന്യ പ്രശ്നവും തെരുവുനായശല്യവും പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. ഉദുമ പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയായി ഉയർത്തണം. മിഷൻ 676 -ൽ കാസർഗോഡ് ജില്ലയ്ക്ക് അർഹമായ പരിഗണന നൽകാൻ തയ്യാറാകണം. ജലസേചന പദ്ധതികൾ അനുവദിക്കുന്ന കാര്യത്തിൽ കാസർഗോഡ് ജില്ലയെ അവഗണിച്ചിരിക്കുകയാണ്. പദ്ധതികൾ സമയബന്ധിതമായി

പൂർത്തീകരിക്കുന്നതിന് കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേകമായി എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിക്കാൻ നടപടി സ്വീകരിക്കണം. കാസർഗോഡ് മുനിസിപ്പാലിറ്റിയിലേയ്ക്ക് വെള്ളമെത്തിക്കുന്ന ബാവിക്കര പദ്ധതി പൂർത്തിയാക്കി കുടിവെള്ള പ്രശ്നം പരിഹരിക്കണം. 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ കുളങ്ങൾ സംരക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. പുഴയോരത്ത് സ്ഥിതി ചെയ്യുന്ന റിസോർട്ടുകളിലെ മാലിന്യങ്ങൾ പുഴയിലേയ്ക്ക് ഒഴുക്കി കുടിവെള്ളം മലിനമാക്കുന്നതിനെതിരെ നടപടിയെടുക്കണം. മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u> ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് നല്ല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയെങ്കിലും തിരുവനന്തപുരം നഗരത്തിലെ മാലിന്യ പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. നഗരങ്ങളിലെ ഫ്ലാറ്റ് സമുച്ചയത്തിലെ സെപ്റ്റിക് ടാങ്ക് മാലിന്യങ്ങൾ ചെന്നടിയുന്നത് എവിടെയാണെന്ന് പരിശോധിക്കണം. പ്രാദേശിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാമൂഹ്യ-രാഷ്ട്രീയ

സാഹചര്യം കേരളത്തിലുണ്ടാകണം. സെപ്റ്റിക് ടാങ്ക് മാലിന്യങ്ങൾ പുഴയിലേയ്ക്ക് ഒഴുക്കിവിടുന്നതിന് പരിഹാരമുണ്ടാക്കുന്നതോടൊപ്പം മാലിന്യത്തിൽനിന്നും ഗ്യാസ് ഉല്പാദിപ്പിക്കുന്ന പദ്ധതികൾ പ്രാവർത്തികമാക്കുകയും വേണം. മറ്റ് സ്ഥലങ്ങളിൽ വിജയകരമായി നടത്തുന്ന മാലിന്യ സംസ്കരണത്തെക്കുറിച്ച് ഇന്റർനെറ്റ് പോലുള്ള മാധ്യമങ്ങൾ ഉപയോഗപ്പെടുത്തി ജനങ്ങളെ ബോധവൽക്കരിക്കണം. അശാസ്ത്രീയമായ ജലസേചന പദ്ധതികൾ ആവിഷ്കരിക്കുന്നത് തടയണം. ഒരു പഞ്ചായത്തിൽ ഒരു കുളമെന്ന ആശയം നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരു നിയോജക മണ്ഡലത്തിൽ മൂന്ന് കുളങ്ങൾ വീതമെങ്കിലും നിർമ്മിക്കുന്നതിനും കുളങ്ങളോടൊപ്പം കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുന്നതിനും കല്ലടയാറ്റിൽ തടയണകളും വൈദ്യുതി വകുപ്പുമായി സഹകരിച്ച് ചെറിയ വൈദ്യുതോത്പാദന പദ്ധതികളും ആരംഭിക്കുന്നതിനും ഗ്രൗണ്ട് വാട്ടർ അതോറിറ്റിയെ വാട്ടർ അതോറിറ്റിയുമായി ലയിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ബെന്നി ബെഹനാൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ പ്രതിപാദിച്ചിട്ടുള്ള ലോക്കൽ സെൽഫ് ഗവൺമെന്റ്തലത്തിലുള്ള പ്ലാനിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ലാന്റ് യൂസ് സർവ്വെ, ലാന്റ് മാപ്പിംഗ്, ഡേറ്റാ ബാങ്ക് തയ്യാറാക്കൽ, ട്രാഫിക് സർവ്വെ തുടങ്ങിയവ

കോംപീറ്റന്റ് ഏജൻസിയുടെ നിയന്ത്രണത്തിൽ ഔട്ട്സോഴ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ജില്ലാതല പ്ലാനിംഗ് കാര്യക്ഷമമാക്കുന്നതിനായി 'കില'-യുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതോടൊപ്പം സ്റ്റേറ്റ് പ്ലാനിംഗ് കാര്യക്ഷമമാക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ റിസോഴ്സ് ബേസ്ഡ് പ്ലാനിംഗ് നടത്തുകയും സർക്കാർ നിയോഗിക്കുന്ന വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ സോൺ തിരിക്കുകയും ശാസ്ത്ര സാങ്കേതിക മാറ്റങ്ങൾ ഉൾക്കൊണ്ട് അർബൻ പോളിസി കാലാനുസൃതമായി പരിഷ്കരിക്കുകയും ചെയ്യണം. മാലിന്യ സംസ്കരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതോടൊപ്പം കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും സാറ്റലൈറ്റ് ടൗൺഷിപ്പുകൾ രൂപീകരിക്കുന്നതിനും കഴിയണം. കോർപ്പറേഷനുകളിൽ അർബൻ മെട്രോപോളിറ്റൻ പ്ലാനിംഗിന് രൂപം കൊടുക്കുന്നതിനും കൊച്ചിയെ മെട്രോപോളിറ്റൻ സിറ്റിയായി പ്രഖ്യാപിക്കുന്നതിനും കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും സർവ്വേ വകുപ്പിനെ ശക്തിപ്പെടുത്തി നദികളുടെ കയ്യേറ്റങ്ങൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ശുദ്ധജല വിതരണ പദ്ധതികൾക്ക് ഗാർഹിക നിരക്കിൽ വൈദ്യുതി നൽകുന്നതിനും പ്രത്യേക സ്വിവറേജ് ഡിവിഷൻ രൂപീകരിക്കുന്നതിനും കടലാക്രമണം തടയുന്നതിന് ശാസ്ത്രീയ പഠനം നടത്തി ആവശ്യമായ സ്ഥലങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനും എറണാകുളത്ത് തൃക്കാക്കരയിൽ ഭരണാനുമതി നൽകിയിട്ടുള്ള കുടിവെള്ള പദ്ധതി

പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ വലിയ സാമ്പത്തിക ബാധ്യതയാണ് ഉണ്ടാകുന്നത്. കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി ബഡ്ജറ്ററി സപ്പോർട്ട് നൽകി പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നത് ശ്ലാഘനീയമാണ്. ഡി.ഐ. പൈപ്പുകൾ നിർമ്മിക്കുന്ന കമ്പനികളുമായി ധാരണയുണ്ടാക്കി സമയബന്ധിതമായി പൈപ്പുകൾ ലഭ്യമാക്കി മുടങ്ങിക്കിടക്കുന്ന ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തികരിക്കുന്നതിന് നടപടിയുണ്ടാകണം. ശുദ്ധജല വിതരണത്തിനുള്ള പൈപ്പുകൾ ഇടുന്നതിന് റോഡ് പൊളിക്കേണ്ട സന്ദർഭങ്ങളിൽ വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും സംയുക്ത പരിശോധനയുണ്ടാകണം. ജലസേചന വകുപ്പും റവന്യൂവകുപ്പും തമ്മിലുള്ള പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുകയും റിവർ പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിച്ച് നദികളെ സംരക്ഷിക്കുകയും ചെയ്യണം.

ശ്രീ. കെ. ദാസൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2009-ൽ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ചിറ്റാരിക്കടവ് റഗുലേറ്റർ കം

ബ്രിഡ്ജ് പൂർത്തിയാക്കാനുള്ള നടപടിയുണ്ടാകണം. സംസ്ഥാനത്തെ പ്രധാന ജലസ്രോതസുകളായ കനാലുകൾ, തോടുകൾ, കുളങ്ങൾ, കിണറുകൾ തുടങ്ങിയവയെ സംരക്ഷിക്കുന്നതിനും ശരിയായ രീതിയിൽ ജല മാനേജ്മെന്റ് നടപ്പാക്കുന്നതിനും തീരപ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. നീർത്തടസംരക്ഷണ നിയമം ശരിയായ രീതിയിൽ നടപ്പാക്കണം. പ്രഭവസ്ഥാനത്ത് വച്ചുതന്നെ വേസ്റ്റ് വേർതിരിക്കുന്നതിനും രാത്രികാലങ്ങളിൽ അവ നീക്കം ചെയ്യുന്നതിനും സാധിക്കണം. സീറോ വേസ്റ്റ് മാനേജ്മെന്റ് സമ്പ്രദായം നടപ്പാക്കണം. കോഴികളുടെ അവശിഷ്ടങ്ങൾ പുഴകളിലും മറ്റ് ജലസ്രോതസുകളിലും നിക്ഷേപിക്കുന്ന രീതി ഒഴിവാക്കണം.

<u>ശ്രീ. കെ. എം. ഷാജി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശുദ്ധജലത്തിന്റെ കുറവ് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ഓരോ വർഷവും ജലത്തിന്റെ അളവ് കുറഞ്ഞുവരികയാണ്. രാജ്യത്ത് പെട്രോളിയം ഉല്പന്നങ്ങളുടെ വിലയ്ക്ക് തുല്യമായി ശുദ്ധജലത്തിന്റ വിലയും വർദ്ധിച്ചുവരികയാണ്. ജലദൗർലഭ്യവും ആഗോളതാപനവും മാനവരാശി അഭിമുഖീകരിക്കുന്ന രണ്ട് പ്രധാന പ്രശ്നങ്ങളായി മാറിയിരിക്കുകയാണ്. സംസ്ഥാനത്ത് ക്ഷേത്രങ്ങളോടും പള്ളികളോടും അനുബന്ധിച്ചുണ്ടായിരുന്ന കുളങ്ങളും മറ്റും ഇല്ലാതായത് സംബന്ധിച്ച് പരിശോധിക്കണം. ഭൂഗർഭ ജലനിരപ്പ്

അപകടകരമാംവിധം താഴ്ന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മഴസംഭരണി ഉണ്ടാക്കണമെന്ന നിബന്ധന ഉറപ്പുവരുത്തുന്നതിനും കണ്ടൽവനങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും നടപടിയുണ്ടാകണം. തദ്ദേശഭരണവകുപ്പിലെ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനും നഗരശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മാലിന്യനിർമ്മാർജ്ജന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണ് സംസ്ഥാനത്തുള്ളത്. പുഴകളും നദികളും മലിനപ്പെടുന്നത് തടയുന്നതിനും അവയെ സംരക്ഷിക്കുന്നതിനും വിപുലമായ പദ്ധതിയുണ്ടാക്കണം. അനധികൃത ഫ്ളാറ്റുകൾക്ക് ഇളവ് നൽകാനുള്ള നീക്കം അവസാനിപ്പിക്കുന്നതിനും മഴവെള്ളം നഷ്ടപ്പെടാതിരിക്കാൻ തടയണകളും സംഭരണികളും നിർമ്മിക്കുന്നതിനും നടപടിയുണ്ടാകണം. നാദാപുരം മണ്ഡലത്തിലെ കുന്നുമേൽ കുടിവെള്ളപദ്ധതി പ്രാവർത്തികമാക്കുന്നതിനും തകർന്നുപോയ ഗ്രാമീണറോഡുകൾ നന്നാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. മുരളീധരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാരെ നേരിട്ട് തെരഞ്ഞെടുക്കുന്നതിനായി നിലവിലുള്ള

നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. വാർഡ് വിഭജനം മൂന്ന് വർഷത്തിലൊരിക്കലാക്കണം. മാലിന്യ സംസ്കരണത്തിനും തെരുവ് നായ്ക്കളുടെ ശല്യം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. മാസ്റ്റർ പ്ലാനുകൾ അംഗീകരിക്കുന്നതിനുമുമ്പ് അതാത് പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സർവ്വകക്ഷി യോഗം വിളിക്കണം. വെള്ളായണി കായൽ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കുകയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ വിവിധ വകുപ്പുകൾ തമ്മിലുള്ള കോ-ഓർഡിനേഷന്റെ അഭാവം പരിഹരിക്കുകയും അരുവിക്കരയിൽ വെള്ളം പമ്പ് ചെയ്യുന്നതിന് ജനറേറ്റർ സ്ഥാപിക്കുകയും വേണം. ഗുരുവായൂർ ക്ഷേത്ര റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുകയും വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് മറ്റ് ചുമതലകൾ നൽകുന്ന നടപടി അവസാനിപ്പിക്കുകയും വേണം.

ശ്രീ. ജി. സുധാകരൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിന്റെ ജലസേചന പദ്ധതികളിലധികവും ജലസേചനത്തിന്റെ പ്രായോഗികവും ശാസ്ത്രീയവുമായ സങ്കൽപ്പങ്ങൾക്ക് അകലെയും സാമ്പത്തിക ധൂർത്തിന് വഴിവയ്ക്കുന്നവയുമാണ്. ജലസേചന വകുപ്പ് പുന:സംഘടിപ്പിക്കുകയും അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെയും അഴിമതിയുടെയും ഫലമായി സംസ്ഥാനത്തിന്റെ പൊതുകടം ഒന്നേകാൽ ലക്ഷം കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. കടൽഭിത്തി നിർമ്മിച്ച് പുറക്കാട് പഞ്ചായത്തിലെ തീരദേശവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണം. പുലിമുട്ടുകളും കടൽഭിത്തിയും നിർമ്മിക്കുന്നതിനും മത്സ്യബന്ധന തുറമുഖങ്ങൾ സംരക്ഷിക്കുന്നതിനുമാവശ്യമായ പദ്ധതി തയ്യാറാക്കണം. കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്യുകയും ജലസേചന പദ്ധതികളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് പരിശോധിക്കുകയും വേണം. ഇറിഗേഷൻ പദ്ധതികൾ പുനരാവിഷ്കരിക്കണം. എഞ്ചിനീയർമാരുടെയും കരാറുകാരുടെയും അനധികൃത സ്വത്തുക്കൾ പിടിച്ചെടുക്കാനും ടെണ്ടർ നടപടികളിലെ അഴിമതി അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം. കുട്ടനാട് പാക്കേജ് സമ്പൂർണ്ണ പരാജയമായിരിക്കുകയാണ്. കാർഷിക പദ്ധതികൾക്കായി പ്രത്യേക അഗ്രികൾചറൽ എഞ്ചിനീയറിംഗ് ഡിവിഷനുണ്ടാക്കണം. കുട്ടനാട്ടിലെ അനധികൃത നിലംനികത്തലും നിർമ്മാണ പ്രവർത്തനങ്ങളും സംബന്ധിച്ച് അന്വേഷിക്കണം. ചെറുകിട ശുദ്ധജലവിതരണ

പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കുകയും വൻകിട പദ്ധതികൾ വാട്ടർ അതോറിറ്റി ഏറ്റെടുക്കുകയും ചെയ്യണം. മാലിന്യ സംസ്കരണത്തിന് പുതിയ സംവിധാനമുണ്ടാക്കണം. ജനകീയാസൂത്രണ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുകയും കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് ആഡിറ്റ് നടത്തുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റം അവസാനിപ്പിക്കുകയും ചെയ്യണം. കുപ്പിവെള്ളത്തിന് അമിത വില ഈടാക്കുന്നത് നിയന്ത്രിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ചർച്ചയിൽ പങ്കെടുത്ത എല്ലാപേർക്കും നന്ദിരേഖപ്പെടുത്തുന്നു. 2013-14 വർഷം വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നീയിനങ്ങളിൽ 1142 കോടി രൂപ നഗരസഭകൾക്ക് അനുവദിച്ചതിൽ 537 കോടി രൂപ കോർപ്പറേഷനുകൾക്കും 605 കോടി രൂപ മുനിസിപ്പാലിറ്റികൾക്കും നൽകുകയുണ്ടായി. നഗരസഭകളുടെ അടിസ്ഥാനസൗകര്യങ്ങളും ആവശ്യങ്ങളും സർക്കാർ ഗ്രാന്റ് കൊണ്ടുമാത്രം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ നിക്ഷേപക സംഗമം നടത്തി 61 പദ്ധതികൾ അവതരിപ്പിക്കുകയും ഇവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി 'പാർട്ണർ കേരള മിഷൻ'

രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭകളുടെ ഗ്രേഡ് ഉയർത്തി സ്റ്റാഫുകളുടെ എണ്ണം വർദ്ധിപ്പിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി 15 നഗരസഭകളെ 'എ' ഗ്രേഡിലേയ്ക്കും 17 നഗരസഭകളെ 'ബി' ഗ്രേഡിലേയ്ക്കും ഉയർത്തുന്നതും പരസ്യ നികുതിയിനമടക്കം കൂടുതൽ വരുമാന സ്രോതസ്സുകൾ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. വസ്തു നികുതിയിൽ വർദ്ധനവ് വരുത്തിയെങ്കിലും അത് പ്രായോഗികമാകാത്തതിനാൽ വീടുകൾക്കും വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കും നികുതി വർദ്ധിപ്പിക്കുന്നതാണ്. വരുമാന വർദ്ധനവിനോടൊപ്പം പാഴ് ചെലവുകൾ ഇല്ലാതാക്കുന്നതിനുള്ള ശ്രമവും നടത്തുന്നതാണ്. ഇതിന്റെ ഭാഗമായി തെരുവുവിളക്കുകൾ എൽ.ഇ.ഡി. ബൾബുകൾ ആക്കി മാറ്റുന്നതിന് 'നഗരജ്യോതി' പദ്ധതി ആവിഷ്ക്കരിക്കുകയും ഇതിന്റെ പൈലറ്റ് പദ്ധതി പെരിന്തൽമണ്ണയിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു വർഷത്തിനകം ഇതിന്റെ നടപടികൾ പൂർത്തിയാക്കാൻ കഴിയും. നഗരസഭകളുടെ വികസനത്തിനായി അടിസ്ഥാന സൗകര്യമുള്ള ഒരു ശൃംഖലയുടെ മാസ്റ്റർപ്ലാൻ ഉറപ്പാക്കുന്നതാണ്. 2015 മാർച്ച് മാസത്തിനകം സംസ്ഥാനത്തെ അറുപത്തിയഞ്ച് നഗരസഭകൾക്ക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) എന്ന തസ്തിക സൃഷ്ടിച്ച് വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി നിർമ്മാണമേഖലയ്ക്ക്

പുത്തൻ ഉണർവ് സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. അനധികൃത കെട്ടിടനിർമ്മാണം നിയന്ത്രിക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതാണ്. നഗരസഭകളിൽ ഓൺ ലൈൻ സമ്പ്രദായം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അൺഓതറൈസ്ഡ് നമ്പർ നൽകിയ 25000 -ത്തോളം അനധികൃത കെട്ടിടങ്ങൾ പൊളിച്ചുമാറ്റുക പ്രായോഗികമല്ലാത്തതിനാൽ നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഒരു വർഷത്തിനകം എല്ലാ അനധികൃത നിർമ്മാണങ്ങളും തടയാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പഴകിയതും ജീർണ്ണിച്ചതുമായ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിന് കെട്ടിട ഉടമകൾ പദ്ധതി സമർപ്പിച്ചാൽ ഉപാധികളോടെ അനുമതി നൽകുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കാൻ ആലോചിക്കുന്നുണ്ട്. കെ.എസ്.യു.ഡി.പി.-യുടെ 40 പദ്ധതികൾ പൂർത്തീകരിക്കുകയും 33 പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. തിരുവനന്തപുരത്ത് 107 ദശലക്ഷം ലിറ്റർ ശേഷിയുള്ള മാതൃകാ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞു. സമാനരീതിയിലുള്ള പ്ലാന്റുകൾ കോഴിക്കോട്, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ സ്ഥാപിക്കാനുള്ള പദ്ധതികളുമായി മുന്നോട്ടുപോവുകയാണ്. എറണാകുളത്തെ നിർദ്ദിഷ്ട മാലിന്യ

സംസ്കരണ പ്ലാന്റ് ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്. എറണാകുളത്ത് ആരംഭിച്ച സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയും. കൂടാതെ കൊച്ചിയിൽ മറ്റൊരു പ്ലാന്റും സ്ഥല ലഭ്യതയനുസരിച്ച് ആലപ്പുഴയിലോ, പാലക്കാടോ ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്കൂടി ആരംഭിക്കുന്നതാണ്. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും പ്രസ്തുത പ്ലാന്റ് ആരംഭിക്കാനുള്ള പദ്ധതിയുമായി മുന്നോട്ടുപോകുകയാണ്. നഗരസഭകൾക്ക് ഇത്തവണയും പെൻഷൻ ഫണ്ട് ലഭ്യമാക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്. കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ക്ലീൻ കേരള കമ്പനിയിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ ടീമിന്റെ സർവ്വീസ് ഉപയോഗിക്കാവുന്നതാണ്. പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളുടെ അംഗീകാരം വാങ്ങാനുള്ള സമയപരിധി രണ്ടാഴ്ചകൂടി ദീർഘിപ്പിച്ചു നൽകുന്നതിന് നിർദ്ദേശം നൽകുന്നതാണ്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് നൽകിയ തുക കൂടാതെ ഇനിയും ആവശ്യമുള്ള തുക നൽകുന്നതാണ്. കുറച്ച് പഞ്ചായത്തുകളെ നഗരസഭകളാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നഗരസഭകളുടെ ഒരു അധികാരവും കവർന്നെടുക്കുന്ന സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്. ഈ സർക്കാർ വന്നശേഷം 74 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും 345 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മിഷൻ 676-ൽ ഉൾപ്പെടുത്തി വിവിധ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കുടിവെള്ളം ലഭിക്കാത്ത മേഖലകൾ തിട്ടപ്പെടുത്തി ഐ.പി.ഡി.-യുടെ കീഴിലുള്ള സ്റ്റാഫിനെ ഉപയോഗിച്ചും ബാക്കി ഔട്ട്സോഴ്സിംഗ് നടത്തിയും പ്രോജക്ടുകൾ തയ്യാറാക്കുന്നതാണ്. സംസ്ഥാനത്ത് മൊത്തത്തിൽ കുടിവെള്ളമെത്തിക്കാനുള്ള ബൃഹത്തായ പദ്ധതി രൂപകൽപ്പന ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ടെൻഡർ നടപടികൾ മൂന്ന് മാസമാക്കി ചുരുക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ കുടിവെള്ള പദ്ധതികളിൽ ശുദ്ധജലം ഉല്പാദിപ്പിക്കുന്നതിനുള്ള പ്രധാന ഘടകങ്ങളായ ഇൻടേക്ക് വെല്ലുകൾ, റാ വാട്ടർ പമ്പിംഗ് മെയിൻ, ശുദ്ധീകരണ ശാല തുടങ്ങിയവ ടെൻഡർ ചെയ്തതിനുശേഷം മാത്രമേ പൈപ്പ് ലൈൻ ഇടാവൂ എന്ന തീരുമാനമെടുത്തിട്ടുണ്ട്. ശുദ്ധജല ഉൽപ്പാദന വർക്കുകൾ പൂർത്തിയാകുന്നതോടുകൂടി

പൈപ്പ് ലൈനിന്റെ പണിയും പൂർത്തീകരിക്കണമെന്നാണ് ലക്ഷ്യം വയ്ക്കുന്നത്. നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ ഒരാൾക്ക് പ്രതിദിനം എഴുപത് ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്ന് മൂന്ന് വർഷക്കാലയളവിനുള്ളിൽ 1145 കോടി അടങ്കൽ തുകയുള്ള 138 പദ്ധതികൾക്ക് അംഗീകാരം നൽകുകയും ഗ്രാമീണ കുടിവെള്ള മേഖലയിലെ പ്രവർത്തന മികവിന്റെ അംഗീകാരമായി കേന്ദ്ര ഗവൺമെന്റ് 2012-13-ൽ 100 കോടി രൂപയും 2013-14-ൽ 67 കോടി രൂപയും ബോണസ്സായി നൽകുകയുണ്ടായി. നബാർഡ് സഹായത്തോടുകൂടി ഇരുപത് കുടിവെള്ള പദ്ധതികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. ജലചോർച്ച തടയുന്നതിന്റെ ഭാഗമായി പഴയതും ഉപയോഗശൂന്യവുമായ പൈപ്പുകൾ മാറ്റുന്നതിനായി 339 കോടി രൂപയുടെ പണികൾ ഏറ്റെടുക്കുകയുണ്ടായി. അരുവിക്കര മുതൽ പേരൂർക്കട വരെയുള്ള ഭാഗത്തെ കോൺക്രീറ്റ് പൈപ്പ് മാറ്റി എം.എസ്. പൈപ്പ് ആക്കിയിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികളിൽ പൈപ്പിന്റെ ഏറ്റവും കുറഞ്ഞ വ്യാസം 150 എം.എം.ആയും ഗ്രാമപ്രദേശങ്ങളിൽ 80 എം.എം. ആയും നിജപ്പെടുത്തിയിട്ടുണ്ട്. ജല അതോറിറ്റിയുടെ സേവനം

ജനങ്ങളിലേയ്ക്ക് സൗകര്യപ്രദമായ രീതിയിലെത്തിക്കുന്നതിനുള്ള നടപടികളെടുത്തു വരികയാണ്. വാട്ടർ ചാർജ് പോസ്റ്റ് ഓഫീസുകൾ, ജനസേവന-അക്ഷയ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും ഓൺ ലൈനിലൂടെയും ബാങ്ക് അക്കൗണ്ട് വഴിയും അടയ്ക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് പുതിയ കണക്ഷൻ എടുക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിച്ചിട്ടുണ്ട്. വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ഈ വർഷം മുതൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതാണ്. ചേർത്തലയിലെ പതിനെട്ട് പഞ്ചായത്തുകളിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് അറുപത് കോടി രൂപ നബാർഡിൽനിന്ന് ലഭിക്കുകയും ടെൻഡർ നടപടിയായിട്ടുമുണ്ട്. ജെ.ബി.ഐ.സി. സഹായത്തോടെ നടപ്പിലാക്കുന്ന കോഴിക്കോട് പദ്ധതി 2015 മാർച്ച് അവസാനത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്. പെരിന്തൽമണ്ണ പദ്ധതി കമ്മീഷൻ ചെയ്തുകഴിഞ്ഞു. ആലപ്പുഴ, ഗുരുവായൂർ-ചാവക്കാട്, ഒറ്റപ്പാലം, കൽപ്പറ്റ, ചിറ്റൂർ-തത്തമംഗലം എന്നീ പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. JNNURM, UIDSSMT പദ്ധതികളിലായി

തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കൊച്ചി കോർപ്പറേഷനുകളിലും പതിനഞ്ച് മുനിസിപ്പാലിറ്റികളിലും 2384 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് പുനർ സമർപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കൊച്ചി കോർപ്പറേഷനിൽ മരട് മുനിസിപ്പാലിറ്റി, കുമ്പളം, കുമ്പളങ്ങി, ചെല്ലാനം ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി 2014 ഒക്ടോബർ മാസത്തോടെ കമ്മീഷൻ ചെയ്യുന്നതാണ്. കുട്ടനാട് പ്രദേശത്തെ കുടിവെള്ള പരിഹാരത്തിനായി നീരേറ്റുപുറത്ത് ശുദ്ധീകരണശാല ഉദ്ഘാടനം ചെയ്യുകയും ശേഷിക്കുന്ന പൈപ്പ് ലൈൻ ഇട്ടുകൊണ്ടിരിക്കുകയുമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം 72 തടയണകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 142 എണ്ണത്തിന്റെ പണി നടന്നുവരികയുമാണ്. വരൾച്ചാ പ്രതിരോധത്തിന്റെ ഭാഗമായി കുടിവെള്ള സ്രോതസ്സുകൾ ശക്തിപ്പെടുത്തുന്നതിനായി 183 ചെക്ക്ഡാമുകളുടെ പണിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടമലയാർ, മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ടുകളിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ചിറ്റൂർ താലൂക്കിലെ പലകപ്പാണ്ടി ഡൈവേർഷൻ പദ്ധതിയുടെ പണി അവസാന ഘട്ടത്തിലാണ്. കബനി ബേസിൽ ലഭ്യമായിട്ടുള്ള വെള്ളം ഉപയോഗപ്പെടുത്തുന്നതിനായി ഒമ്പത് പുതിയ പദ്ധതികളുടെ സാധ്യതാ പഠനം

പൂർത്തിയാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മൂലത്തറ വലതുകനാൽ നിർമ്മാണത്തിന് 30 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ബാവിക്കര റെഗുലേറ്ററിന്റെ നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. എറണാകുളത്ത് പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് തടയുന്നതിനായി കരമനയാർ-കിള്ളിയാർ പ്രദേശത്തെ ഉൾപ്പെടുത്തി 'റൈറ്റ്സ്' നടത്തിയ പഠന റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കുന്നതാണ്. കുട്ടനാട് പാക്കേജിന്റെ ഭാഗമായ കരിയാർ ബണ്ടിന്റെ 28 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുകയും തണ്ണീർമുക്കം പദ്ധതി 181 കോടി രൂപ ചെലവഴിച്ച് സെൻട്രൽ പോർഷന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള പ്രവൃത്തിയും എ.സി. കനാലിന്റെ ഒരു റീച്ചിനുള്ള പണിയും നടന്നുകൊണ്ടിരിക്കുകയാണ്. പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി കേന്ദ്ര സർക്കാർ ദേശീയ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും കേരളം ശക്തമായി

എതിർത്തിരിക്കുകയാണ്. കടലാക്രമണത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാമിലും നബാർഡിനും പ്രോജക്ട് സമർപ്പിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കാൻ ഐ.ഐ.റ്റി.യെക്കൊണ്ട് പഠനം നടത്തേണ്ടതുണ്ട്. പഠനത്തിനാവശ്യമായ തുക അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം അടിയന്തിരമായി തേടുന്നതാണ്. കൊല്ലം ജില്ലയിലെ ഈസ്റ്റ് കല്ലടയിലെ ചിറ്റുമല ചിറ പ്രോജക്ടിനുവേണ്ടി തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഓണാട്ടുകര പാക്കേജിൽ ഉൾപ്പെടുത്തിയ കുറെ വർക്കുകൾക്ക് ടെൻഡർ ചെയ്തിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും 57-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.03-ന് പിരിഞ്ഞു.

**********************